# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.472 1/12/2015-ൽ മറുപടിക്ക്

## പെരുന്തേനരുവി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പെരുന്തേനരുവി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ നിർമ്മാണം ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കാമോ; കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി എന്നാണ്; നിർമ്മാണം വൈകാനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 52.55% പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി 2014- മാർച്ച് മാസം അവസാനിച്ചു. എന്നാൽ ചില സാങ്കേതിക തടസ്സങ്ങൾ നേരിട്ടതിനാൽ ഈ കാലാവധി 30/06/2016 വരെ നീട്ടിയിട്ടുണ്ട്. നിലവിൽ 2016 ജൂൺ മാസത്തിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.<br>പദ്ധതിക്ക് ആവശ്യമായ ഇടതുകരയിലെ ഭൂമിക്ക് വനംവകുപ്പിന്റെ അനുമതി ലഭിക്കുന്നതിനും അതിലുള്ള മരങ്ങൾ മുറിച്ചുമാറ്റി ഭൂമി കൈമാറ്റുന്നതിനും നേരിട്ട കാലതാമസമാണ് പദ്ധതി വൈകാൻ ഉണ്ടായ പ്രധാനകാരണം. പുതിയഭൂമി ഏറ്റെടുക്കാൻ നിയമം പ്രാബല്യത്തിൽ വന്നതിനാലും ഇനിയും ഏറ്റെടുക്കേണ്ട ഭൂമി സംബന്ധിച്ച് ചില വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാലുമാണ് ഭൂമി ഏറ്റെടുക്കൽ വൈകുന്നതിനുള്ള കാരണങ്ങൾ. പദ്ധതിക്കു വേണ്ട ഭൂമി പൂർണ്ണ മായും ലഭ്യമായിട്ടില്ല. |
| (ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്; ഇവിടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതി എവിടെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി സബ് സ്റ്റേഷൻ എവിടെ സ്ഥാപിക്കും; വിശദമാക്കാമോ; | (ബി) | 6 മെഗാവാട്ട്. ഈ വൈദ്യുതി റാന്നി 110 കെ.വി. സബ്സ്റ്റേഷന്റേയും റാന്നി - പെരുനാട് 33 കെ.വി. സബ്സ്റ്റേഷന്റേയും പരിധിയിൽ വരുന്ന വെച്ചൂച്ചിറ, നാറാണംമൂഴി, റാന്നി-പെരുനാട്, റാന്നി- പഴവങ്ങാടി, റാന്നി-അങ്ങാടി പഞ്ചായത്തുകളിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. നിലവിൽ റാന്നി- |

പെരുനാട്, റാന്നി എന്നീ സബ്സ്റ്റേഷനുകളിലേക്ക് 33 കെ.വി. ലൈൻ വലിച്ച് വൈദ്യുതി എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) എത്ര രൂപയാണ് പദ്ധതിക്കായി ആകെ ചെലവഴിക്കുക; പദ്ധതി പൂർത്തിയാക്കി എന്നുമുതൽ വൈദ്യുത വിതരണം സാധ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

(സി)

| | |
|---|---|
| സിവിൽ ജോലികളുടെ കരാർ അടങ്കൽ തുക | 34,83,78,095/ രൂപ |
| ഇലക്ട്രോ -മെക്കാനിക്കു ജോലികളുടെ കരാർ അടങ്കൽ തുക | 13,33,84,973/- രൂപ |

30/06/2016-ൽ പദ്ധതി പൂർത്തിയാക്കി വൈദ്യുതി വിതരണം സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**